# പാദവാർഷിക മൂല്യനിർണയം - 2016 **B**

# സാമൂഹ്യശാസ്ത്രം

**സ്റ്റാന്റേർഡ് : X** 

സമയം : 2½ മണിക്കൂർ
ആകെ സ്കോർ : 80

**നിർദേശങ്ങൾ**

1. പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
2. ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരം എഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. രാജസ്ഥാനിലെ ഏത് സംഘടനയുടെ പ്രവർത്തനങ്ങളാണ് വിവരാവകാശ നിയമനിർമാണത്തിലേക്ക് നയിച്ചത്? (1)
2. കറുപ്പ് വ്യാപാരം, തുറന്നവാതിൽ നയം എന്നിവയിലൂടെ യൂറോപ്യൻ രാജ്യങ്ങളും അമേരിക്കയും ചൈനയിൽ ആധിപത്യം സ്ഥാപിച്ചത് എങ്ങനെ? (2)
3. ചുവടെ കൊടുത്തിട്ടുള്ളവ ഓരോന്നും സൂചിപ്പിക്കുന്ന ഋതുവേത്?
   a. വേനൽക്കാലത്തിനും ശൈത്യകാലത്തിനും ഇടയിലുള്ള ഋതു.
   b. ശൈത്യകാലത്തിനും വേനൽക്കാലത്തിനും ഇടയിലുള്ള ഋതു. (2)
4. ആഗോളവൽക്കരണത്തെ ത്വരിതപ്പെടുത്തിയ അന്താരാഷ്ട്ര സ്ഥാപനങ്ങൾ ഏവ? (2)
5. ആറ് വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം ഉറപ്പ് വരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതിയേത്? (1)
6. ഇറ്റലിയിൽ ഫാഷിസ്റ്റ് പാർട്ടി അധികാരത്തിലെത്താനിടയായ സാഹചര്യം വ്യക്തമാക്കുക. (2)
7. പശ്ചിമേഷ്യൻ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ പാലസ്തീൻകാർ നേരിടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുക. (3)
8. മെർക്കന്റലിസ്റ്റ് നിയമങ്ങൾ മുഖേന അമേരിക്കൻ കോളനികളുടെ കച്ചവടത്തെയും വാണിജ്യത്തെയും ബ്രിട്ടീഷുകാർ നിയന്ത്രിച്ചത് എങ്ങനെയെന്ന് വിശദീകരിക്കുക. (4)
9. മാർച്ച് 21, സെപ്തംബർ 23 എന്നീ വിഷുവങ്ങളുമായി ബന്ധപ്പെട്ട സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പെഴുതുക. (3)
10. സാമ്രാജ്യത്വ മത്സരങ്ങൾ ലോകരാജ്യങ്ങളെ ഒന്നാംലോകയുദ്ധത്തിലേക്ക് നയിച്ചതെങ്ങനെയെന്ന് തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.
    - സാമ്രാജ്യത്വ പ്രതിസന്ധികൾ
    - തീവ്രദേശീയ പ്രസ്ഥാനങ്ങളുടെ രൂപീകരണം
    - സൈനിക സഖ്യങ്ങളുടെ രൂപീകരണം

**അല്ലെങ്കിൽ**

റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ താഴെ തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

- ദുരിതപൂർണ്ണമായ ജനജീവിതം
- ഭരണാധികാരികളുടെ സ്വേഛാധിപത്യനയങ്ങൾ
- മാർക്സിസ്റ്റ് ആശയങ്ങളുടെ സ്വാധീനം
- ബോൾഷെവിക് പാർട്ടിയുടെ രൂപീകരണം (6)

11. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം 4 pm ആയിരിക്കുമ്പോൾ ഗ്രീനിച്ച് സമയം എത്രയായിരിക്കും? (3)

12. പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിൽ സേവനാവകാശ നിയമം വഹിക്കുന്ന പങ്ക് വ്യക്തമാക്കുക. (2)

13. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ ഭരണകാലത്ത് ഇന്ത്യയിൽ വ്യാവസായിക രംഗത്തെ തകർച്ച കാർഷിക മേഖലയിൽ ഉല്പാദന മുരടിപ്പിന് കാരണമായതെങ്ങനെ? (3)

14. ചേരുംപടി ചേർക്കുക

| എ | ബി |
|---|---|
| a) അഖിലേന്ത്യ സർവീസ് | സെയിൽസ് ടാക്സ് |
| b) കേന്ദ്രസർവീസ് | ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് |
| c) സംസ്ഥാന സർവീസ് | ഇന്ത്യൻ റെയിൽവെ |

(3)

15. 'മാനവവിഭവശേഷി വികസനത്തിലെ പോരായ്മകളാണ് ഒരു രാജ്യത്തിന്റെ ദാരിദ്ര്യത്തിനുള്ള പ്രധാന കാരണം' – ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? സമർത്ഥിക്കുക. (3)

16. ബ്രിട്ടീഷ് ഭരണകാലത്ത് ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾ കൃഷി ചെയ്യാൻ കർഷകർ നിർബന്ധിതരാകാനുള്ള കാരണങ്ങൾ വിശകലനം ചെയ്യുക. (3)

17. അയനാന്തദിനങ്ങളിലും വിഷുവങ്ങളിലും രാത്രി-പകലുകളുടെ ദൈർഘ്യത്തിലുള്ള വ്യത്യാസമെന്ത്? (2)

18. ആരോഗ്യപരിപാലനത്തിനായി വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാം? (3)

19. യൂറോപ്പിൽ നിലനിന്നിരുന്ന സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥിതികളിൽ ഫ്രഞ്ച് വിപ്ലവം ചെലുത്തിയ സ്വാധീനം വിശകലനം ചെയ്യുക. (4)

20. ലോക്പാൽ, ലോകായുക്ത ഇവ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെന്ന് വ്യക്തമാക്കുക. (3)

21. ചിത്രം നിരീക്ഷിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.



a. ചിത്രത്തിൽ കാണിച്ചിട്ടുള്ളത് ഏത് കാലികവാതമാണ്?

b. വേനൽക്കാലത്താണോ ശൈത്യകാലത്താണോ ഈ കാറ്റ് വീശുന്നത്?

c. ഇന്ത്യൻ സമുദ്രത്തിൽ നിന്നും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്ക് കാറ്റ് വീശാൻ കാരണമെന്ത്?

d. ഏത് ദിശയിൽ നിന്നാണ് ഈ കാറ്റുകൾ വീശുന്നത്? ഈ ദിശയിൽ കാറ്റ് വീശാൻ കാരണമെന്ത്?

**അല്ലെങ്കിൽ**

ആഗോളമർദ്ദമേഖലകളെ അടിസ്ഥാനമാക്കി താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

a. ഉത്തരാർദ്ധഗോളത്തിലെ മർദ്ദമേഖലകൾ ഏതെല്ലാം?

b. മധ്യരേഖാ ന്യൂനമർദ്ദമേഖലയും ഉപധ്രുവീയ ന്യൂനമർദ്ദമേഖലകളും രൂപംകൊള്ളുന്നതെങ്ങനെയെന്ന് വിശദമാക്കുക.

(6)

22. താഴെ കൊടുത്തിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| അച്ചുതണ്ട് ശക്തികൾ | സഖ്യകക്ഷികൾ |
|---|---|
| ജർമ്മനി | ചൈന |
| ............................... | ............................... |
| ............................... | ............................... |

(2)

23. ജനസംഖ്യാ കണക്കെടുപ്പിന് നേതൃത്വം നൽകുന്ന സ്ഥാപനം ഏത്?
ജനസംഖ്യാ പഠനത്തിന്റെ ആവശ്യകത വിശകലനം ചെയ്യുക. (2)

24. കേന്ദ്രസർവ്വീസിലേക്കും സംസ്ഥാന സർവീസിലേക്കും ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം? അവയെ ഭരണഘടനാസ്ഥാപനങ്ങൾ എന്ന് വിളിക്കുന്നത് എന്തുകൊണ്ട്? (2)

25. താഴെ തന്നിരിക്കുന്ന ഫ്ളോചാർട്ട് പൂർത്തിയാക്കുക.




(4)

26. എ കോളത്തിൽ നൽകിയിട്ടുള്ള വിവരങ്ങൾക്കനുസരിച്ച് **ബി** കോളത്തിലെ വിവരങ്ങളെ ക്രമീകരിക്കുക.

| എ | ബി |
|---|---|
| കടൽക്കാറ്റ് | വേനൽക്കാലം |
| പർവതക്കാറ്റ് | ശൈത്യകാലം |
| തെക്ക്-പടിഞ്ഞാറൻ മൺസൂൺ | പകൽ |
| വടക്ക്-കിഴക്കൻ മൺസൂൺ | രാത്രി |

(4)

27. ആഗോളവാതങ്ങൾ എന്നാലെന്ത്? അവ ഏതെല്ലാം? ഉപോഷ്ണ ഉച്ചമർദ്ദമേഖലകളിൽ നിന്ന് മധ്യരേഖാ പ്രദേശത്തേക്ക് വീശുന്ന ആഗോളവാതങ്ങളെകുറിച്ച് വിശദീകരിക്കുക. (5)